# SPECTRUM



# GHSS CHORODE

## Digital Magazine

Little Kites 2023-2024

# ആശംസ

നവകേരള സ്വപ്നങ്ങൾക്ക് വേഗതയും കരുത്തും പകരുന്നതിൽ പൊതുവിദ്യാഭ്യാസ മേഖലയുടെ പങ്ക് വളരെ വലുതാണ്. കാലത്തിന്റെയും ദേശത്തിന്റെയും മാറി വരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിച്ചുകൊണ്ടാണ് വിദ്യാഭ്യാസമേഖല വളർന്നുകൊണ്ടിരിക്കുന്നത്. അതാത് കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തലമുറകളെ സജ്ജമാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ആധുനിക ആത്യന്തിക ലക്ഷ്യം. അതുകൊണ്ടുതന്നെയാണ് നമ്മുടെ വിദ്യാഭ്യാസവകുപ്പ് ഡിജിറ്റൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നത്. ഓരോ കുട്ടിയുടേയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് ഭാവിതലമുറയെ വാർത്തെടുക്കുന്നതിന്, ഡിജിറ്റൽസാങ്കേതികവിദ്യയുടെ പ്രയോജനം ക്ലാസ്സ്റൂം പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ രാജ്യത്ത് തന്നെ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് നമ്മുടെ കേരളം.

ഡിജിറ്റൽ സാങ്കേതികവിദ്യയിലൂന്നിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ കാലത്തിന് മുൻപേ സഞ്ചരിച്ച വിദ്യാലയമാണ് ഗവ:ഹയർ സെക്കന്ററി സ്കൂൾ ചോറോട്. വൈഫൈ സംവിധാനം വളരെ മുൻപ് തന്നെ പ്രാവർത്തികമാക്കി വിദ്യാർത്ഥികൾക്ക് മികച്ച പഠനം ലഭ്യമാക്കുന്നതിന് നമ്മുടെ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് .ഇന്ത്യയിലും വിദേശത്തുമുള്ള പ്രഗത്ഭരായ വ്യക്തിത്വങ്ങളുമായി നേരിട്ട് സംവദിക്കുവാനും അറിവ് പങ്കുവെക്കുവാനും നമ്മുടെ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതിന് ഇത്തരം സാങ്കേതികവിദ്യകളെ അവയുടെ ആരംഭകാലത്തു തന്നെ നമ്മൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട് . സ്കൂൾ പി ടി എ യുടേയും സ്കൂൾ സപ്പോർട്ടിങ് ഗ്രൂപ്പിന്റെയും നാട്ടുകാരുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടേയും എല്ലാം കൂട്ടായ പ്രവർത്തനഫലമായാണ് ഈ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധ്യമായത്. .

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' എന്ന ഐ ടി കൂട്ടായ്മ സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. മുൻവർഷങ്ങളിൽ നിരവധി പ്രവർത്തനങ്ങൾ ഭംഗിയായി ഏറ്റെടുത്ത് നടത്താൻ നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. ഈ വർഷം ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന "SPECTRUM" ഡിജിറ്റൽ മാഗസിന് എല്ലാവിധ പിന്തുണയും ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം ഹെഡ്മാസ്റ്റർ
കെ കെ ബാബു



# എഡിറ്റോറിയൽ

ഇത് ഒരു അടയാളപ്പെടുത്തലാണ് ......................................
ചരിത്രത്തിന്റെ പാതയോരങ്ങളിൽ നമ്മൾ നാട്ടുന്ന മൈൽകുറ്റികൾ. എഴുത്തോലയിൽ നാരായം കൊണ്ട് അക്ഷരങ്ങൾ വരച്ചുവെച്ചിരുന്ന ഒരു ഗതകാലത്തിനു മുകളിൽ കാട്ടുമണക്കുന്ന കടലാസും പേനയും ഇടം പിടിച്ചു. ഒരു വിരൽത്തുമ്പിന്റെ സൂക്ഷ്മതയിലേക്ക് ലോകത്തെ ആവാഹിച്ചിരുത്തുന്ന ഇന്റർനെറ്റ് സങ്കേതങ്ങൾ കണ്ടെത്തിയതോടെ വിവരസാങ്കേതിക സങ്കേതങ്ങളിൽ ചരിത്രം അസ്ത്രവേഗത്തോടെ അതിന്റെ സാന്നിദ്ധ്യം മെച്ചപ്പെടുത്താൻ തുടങ്ങി

ഇതൊരാവർത്തനമാണ്.........................................................................
തിരിഞ്ഞു നോക്കുമ്പോൾ ദൃുതിയും മാട്രിക്സും മാതൃകകളായി മുന്നിലുണ്ട്. അതിവേഗതയുടെ ദിവസങ്ങൾ. അക്കാദമികഭാരങ്ങളുടെ വീർപ്പുമുട്ടലുകൾക്കിടയിലും നമ്മളിലെ സർഗ്ഗാത്മകതയെ നഷ്ടപ്പെടുത്താനാവില്ല. വെബിനിവേശത്തിന്റെ പുത്തൻ കാലത്ത് വിവര സാങ്കേതിക വിദ്യയെ വികാര സാങ്കേതിക വിദ്യ എന്നുകൂടി വിളിക്കേണ്ട തരത്തിലേക്ക്, രാപ്പകൽ ഭേദമന്യെ മനുഷ്യബന്ധങ്ങളുടെ മഹാ സിംഫണികൾ തീർത്തു കൊണ്ടിരിക്കുന്ന നവ മാധ്യമ പ്രകടനങ്ങൾ. ചിന്തയും ബുദ്ധിയും കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്ന അത്ഭുത പ്രതിഭാസങ്ങൾ .

ഇന്ന്, സാങ്കേതിക വിദ്യ ഭാഷയുടെ അതിർവരമ്പുകളേയും അലിയിക്കാൻ തുടങ്ങി. ഒ ടി ടി പ്ലാറ്റ്ഫോമിൽ വ്യത്യസ്ത ഭാഷകളിലെ ചലച്ചിത്രങ്ങൾ നമ്മൾ ആസ്വദിക്കുന്നു. സാഹിത്യവും അത്തരമൊരരങ്ങിലേക്ക് അതിന്റെ പ്രയാണമാരംഭിച്ചു. വിജ്ഞാന വിസ്ഫോടനങ്ങളുടെ ഇക്കാലത്തും നമ്മുടെ കുട്ടികളിലെ സർഗ്ഗാത്മകതയെ, മാനുഷികതയെ, ചേർത്തു പിടിച്ചേ മതിയാകൂ. അതു കൊണ്ട് തന്നെയാണ് ചോറോട് ഗവ:ഹയർ സെക്കണ്ടറി സ്കൂളും അതിലെ ലിറ്റിൽ കൈറ്റ്സ് കുടുംബാംഗങ്ങളും ചേർന്ന് അതിന്റെ മൂന്നാമത്തെ സംരംഭം എന്ന നിലയിൽ "SPECTRUM" മാഗസിന് തുടക്കം കുറിച്ചത്.


"നമ്മുടെ കൂട്ടുകാരുടെ ഇത്തിരിയോളം പോന്ന സ്വപ്നങ്ങൾ കൂട്ടി നെയ്തുണ്ടാക്കിയ "SPECTRUM" നിറഞ്ഞ മനസ്സോടെ സ്വീകരിച്ചാലും ........

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : കെ.കെ.ബാബു
സ്റ്റാഫ് എഡിറ്റർ : ശ്രീലത.കെ.എം
സ്റ്റുഡന്റ് എഡിറ്റർ : ഇഷ തൻവി ടി
അംഗങ്ങൾ : എ.കെ.സൈക്ക്
വിജീഷ് ചാത്തോത്ത്
Dr ഷിജി രാജൻ കെ വി
രാഗിണി.ആർ
മനോജ് ഒ ടി
ഷീജ എൽ ആർ
നാദിൽ ഇസ്മയിൽ എം പി
സാൻവി എ എൻ
ആമിന മിൻഹ
നിയ പവിത്രൻ
വേദസ് ആർ ജയേഷ്
ഹാവിഷ് ബി ലിജിൻ
നവനീത് ടി കെ




ഡിജിറ്റൽ മാഗസിൻ 2018 -2019




ഡിജിറ്റൽ മാഗസിൻ 2019-2020

# ഉള്ളടക്കം


| | | |
|---|---|---|
| പൊലിയുന്ന കൗമാരം | -----കിരൺ കെ കെ- | 6 |
| प्रकृति | - - - - अभिषेक सुरेष- | 9 |
| Dreams | ----- Parvana T H | 10 |
| രുചി | ---- പൃഥ്വിക് പി പി | 11 |
| അമൃതം | ----- ഷീബ വി കെ | 12 |
| ലളിത ജീവിതം | -----നന്ദകിഷോർ കെ പി | 13 |
| Education and Sports | ------ Isha Thanvi T | 14 |
| ഇരുൾ | ----- വേദജിത്ത് | 16 |
| Days in ICU | ---- Fathimathu swaliha | 17 |
| ചിത്രശലഭമേ എന്റെ തോഴി | - പൃഥ്വിക് പി പി | 19 |
| प्रेमचंद : कलम का सिपाही | - - - पार्वणा डी. एच | 20 |
| കറുത്ത കുതിരയുടെ പടയോട്ടം | - നന്ദകിഷോർ കെ പി | 21 |
| രാത്രി നിലാവ് | ---- കിരൺ കെ | 22 |
| മഴച്ചങ്ങാതി | ----- ഇഷ തൻവി ടി | 24 |
| പ്രകൃതി മനോഹരി | --- പുണ്യ കെ കെ | 25 |
| വരകളിലൂടെ | ----- | 26 |
| വായനയിലെ വര | ----- | 29 |
| സ്കൂൾതല പ്രവർത്തനങ്ങളിലൂടെ | -- | 30 |
| കലോത്സവ പ്രതിഭകൾ | ----- | 32 |

# <u>പൊലിയുന്ന കൗമാരം</u>

ശാരീരികവും മാനസികവും ആയ പല സവിശേഷതകളുടെയും കാലമാണ് കൗമാരം. അതോടൊപ്പം തന്നെ ചതിക്കുഴികളുടെയും കാലം കൂടിയാണ് കൗമാരം. കൗമാരം ഒരു മനുഷ്യന്റെ ജീവിതത്തെ വലിയതരത്തിൽ സ്വാധീനിക്കുന്നു. ആ കാലത്ത് നാം സ്വീകരിക്കുന്ന ശീലങ്ങൾ നമ്മളിൽ എക്കാലവും നിലനിൽക്കുന്നു. പലതിനോടും അടിമപ്പെടാനിടയുള്ള അചഞ്ചലമായ മനസ്സിന്റെ കാലം കൂടിയാണിത്. ശാരീരികമായ മാറ്റങ്ങൾ ഇതിന്റെ സവിശേഷതയാണ്. മനസ്സിന്റെ വികാരങ്ങൾ നമ്മെ കീഴ്പ്പെടുത്തുന്ന ഈ സമയം ഏതൊരാൾക്കും ജീവിതത്തിലെ മനോഹരമായ കാലം കൂടിയാകണം. എങ്കിൽകൂടി ഇന്ന് നമ്മുടെ കൗമാരം ധാരാളം പ്രതിസന്ധികൾ നേരിടുന്നു. ശാരീരികമായോ മാനസികമായോ ഇതിനുത്തരവാദികൾ ആര്? സമൂഹമോ മയക്കുമരുന്നോ ലഹരിയോ കപടപ്രണയങ്ങളോ അതോ മൊബൈൽഫോണോ?



ഇന്ന് സമൂഹം നിലനിൽക്കുന്നത് കൗമാര കുരുന്നുകളുടെ ഭാവിയെ പ്രതീക്ഷിച്ചുകൊണ്ടാണ്. നാളെയുടെ വാഗ്ദാനങ്ങളായ അത്തരം ജീവിതത്തെ വലിഞ്ഞു മുറുകിയ ധാരാളം വിഷ സർപ്പങ്ങൾ നമ്മുടെ ചുറ്റും കാണപ്പെടുന്നു. അതിലെ പ്രധാന പ്രതിസന്ധി സമൂഹത്തെ അകെ വലിഞ്ഞു മുറുകുന്ന ലഹരിയെന്നവിപത്ത് തന്നെയാണ്. അത് ഇന്ന് മുതിർന്നവരെക്കാളേറെ കൗമാരത്തെ ഭാവിജനതയെ കേന്ദ്രീകരിച്ചു നില നിൽക്കുന്നു. കൗമാരത്തിലെ മനസ്സിന്റെ അടിത്തറയില്ലായ്മ ഇത്തരം തെറ്റുകളിലേക്ക് ജനതയെ പൂർണമായും വലിച്ചെടുക്കുന്നു.



ഈ ചുഴിയിൽ അകപ്പെട്ട ശേഷം തിരിച്ചുവന്ന

ജീവിതങ്ങൾ വളരെ വിരളമാണ്. വിരലിൽ എണ്ണാവുന്നത്ര. ഇവ സ്വർഗ്ഗമെന്ന പേരിൽ നമ്മെ വിപത്തിന്റെ നരകത്തിലേക്ക് കൂട്ടിപ്പോവുന്നു. സ്വതന്ത്രമായി ചിറകുനിവർത്തി പറക്കേണ്ട സ്വാതന്ത്ര്യത്തിന്റെ സമയത്ത് അവരെ അടിമയാക്കാനും ഇതിന്റെ വാഹകരാക്കാനും നിർബന്ധിക്കുന്നു. അവരുടെ ജീവിതത്തിനു തന്നെ അന്ത്യം കുറിക്കുന്നു.നാം കാണുന്നതാണ് ചുറ്റുപാടും ലഹരിയുടെ പിടിയിലാവുന്നത് ചെറുബാല്യങ്ങളാണ്. കൗമാരം എന്നത് ഇന്ന് ദുസ്വപ്നമായി മാറിക്കൊണ്ടിരിക്കുന്നു.



ലഹരിയാകുന്ന തേളിന്റെ പിടിയിൽ അകപ്പെടാതെ ഒരു പരുന്തിനെപ്പോലെ ലക്ഷ്യങ്ങളിലേക്ക് കുതിക്കാനും ആവശ്യഘട്ടങ്ങളിൽ സിംഹത്തെ പോലെ ഇതിനെതിരെ ഗർജിക്കാനും നമുക്ക് കഴിയണം..... ലോകത്തെ ഏറ്റവും വലിയ കപട മാഫിയ കൂടിയാണിത്. ഇതിന്റെ പ്രധാന വാഹകരാവട്ടെ കൗമാരങ്ങളും. ഇത്തരം മാഫിയകളെയോ അതിന്റെ തലവനെയോ കണ്ടെത്താനോ നമ്മുടെ കാവലാളുമാർക്കോ ഭരണകൂടത്തിനോ കഴിയുന്നില്ല. കൗമാരത്തെ നശിപ്പിക്കുന്ന ഇവരെ പരുന്തിന്റെ കണ്ണുകളോടെ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ.



സാമൂഹ്യമാധ്യമങ്ങൾ മനുഷ്യന്റെ നന്മയ്ക്കും ആവശ്യത്തിനുമായി ആരംഭിച്ചതാണ്. എങ്കിൽ കൂടി ഇന്നത്തെ കാലത്ത് അവ പ്രായഭേദമന്യേ ദുരുപയോഗം ചെയ്യപ്പെടുന്നു. കൗമാര കാലഘട്ടത്തിൽ ഒരാളുടെ സ്വഭാവ രൂപീകരണത്തെയും ജീവിത ശീലങ്ങളെയും സ്വാധീനിക്കുന്നു. സാമൂഹ്യമാധ്യമത്തിന്റെ ഇരുണ്ട വീഥിയിൽ അകപ്പെട്ടു ജീവിതത്തിലെ രണ്ടറ്റങ്ങൾ കാണാതെ ജീവൻ അവസാനിപ്പിക്കുന്നതാണ് നാം ഇന്നത്തെ കൗമാര സമൂഹത്തിൽ വ്യാപകമായി കാണപ്പെടുന്നത്. അനുവദനീയമല്ലാത്ത സൈറ്റുകളും മറ്റും ഉപയോഗിച്ച് പ്രായത്തിൽ കവിഞ്ഞ അവിവേകങ്ങൾ അവർ കാട്ടുന്നു. തെറ്റായ രീതിയിലെ ഉപയോഗം അവരുടെ ജീവിതത്തെ നശിപ്പിക്കുന്നു എന്ന സത്യം പലരും മനസ്സിലാക്കുന്നില്ല. ഇന്നത്തെ കാലത്തേ സൈബർ ആക്രമണത്തിൽ നല്ലൊരു പങ്കും കൗമാരപ്രായക്കാർക്ക് എതിരെയാണ്. സൈബർ ലോകം നാം കാണുന്ന ലോകത്തേക്കാൾ അതിഭയാനകവും വിചിത്രവുമാണ്. ഒരു വിദ്യാർത്ഥിയെ മാനസികമായി തളർത്താൻ സാമൂഹ്യ മാധ്യമങ്ങൾക്ക് കഴിയുന്നു. ഒരു വ്യക്തിയുടെ സ്വകാര്യത പോലും ഇന്ന് സംശയത്തിന്റെ നിഴലിൽ മാത്രമാണ്. പലരും തെറ്റായ ഉപയോഗത്തിലൂടെ സാമ്പത്തികമായി

പോലും തകരുന്നു.. നാം കേൾക്കുന്നതാണ് ലക്ഷങ്ങളും കോടികളും ഇത്തരത്തിൽ ദുരുപയോഗം ചെയ്ത് നഷ്ടപ്പെട്ടവരെ പ്പറ്റി. തന്നെ മറ്റുള്ളവരുമായി താരതമ്യം ചെയ്ത് ആവശ്യമില്ലാതെ അപകർഷതാബോധം ഉണ്ടാക്കാനും അതുവഴി ജീവിതത്തെത്തന്നെ അവസാനിപ്പിക്കാനും ആരും മടി കാട്ടുന്നില്ല. ഒരു സർക്കസുകാരന്റെ നൂലിന്റെ മേലുള്ള നടത്തത്തിനു സമാനമായ ഇച്ഛാശക്തിയും ശ്രദ്ധയും വേണ്ട കാര്യമാണ്, ചതിക്കുഴികളുടെ ലോകം കൂടിയാണ് സോഷ്യൽമീഡിയ. ഈ ഗർത്തത്തിൽ നിന്നും ഉയിർത്തെഴുന്നേൽക്കാൻ കഴിയാത്ത വിധം അകപ്പെട്ടു പോയ കൗമാര ജീവിതങ്ങളായി മാറാതിരിക്കാൻ നാം ശ്രദ്ധിക്കണം.



കപട പ്രണയത്തിന്റെ ചതിക്കുഴിയിൽ അകപ്പെട്ട് ജീവിതം നശിക്കുന്ന നിരവധി കൗമാരങ്ങൾ ചുറ്റും കാണപ്പെടുന്നു. പ്രണയമെന്നത് ജീവിതത്തിന്റെ ആത്മാവിന്റെ ഭാഗമാണ്. അതിലെ കരട് ജീവിതം മലിനമാക്കുന്നു. യഥാർത്ഥ പങ്കാളി എന്നത് നമുക്കു തെറ്റു തിരുത്താനും നമുക്ക് ആശ്രയമായി നിൽക്കാനും കഴിയുന്നവരാകണം. എന്നാൽ ഇന്ന് അത് ഒരു സമയനഷ്ടം ഒഴിവാക്കാൻ വേണ്ടി മാത്രം ചതിക്കാനും മറ്റുമായി മാത്രമായി മാറുന്നു. അത് പ്രായഭേദമെന്യേ യാതൊരു വിവേചനവും ഒന്നുമില്ലാതെ പ്രണയിക്കാനാവണം. കപടപ്രണയമാകുന്ന ഗർത്തത്തിൽ വീഴാതെ നൂല്പാതയിലൂടെ നടക്കുന്ന ഒരു സർക്കസുകാരന്റെ ജാഗ്രത ഓരോ കൗമാരക്കാരനും അത്യാവശ്യമാണ്. കപടപ്രണയത്തിൽ അകപ്പെട്ട് സ്വത്തും സമ്പത്തും ശരീരവും അപഹരിക്കപ്പെടാതെ നല്ല ഭാവിക്കായി പരുന്തിന്റെ കണ്ണുകളോടെ നാം കഴിയണം.



കൗമാരം പരമാവധി ആസ്വാദകരമാക്കാനും മധുരമുള്ളതാക്കാനും ചതിക്കുഴികൾ ഒഴിവാക്കി യഥാർത്ഥ സൗഹൃദം, പ്രണയം, ജീവിതം എന്നിവയുടെ രുചിയറിയാനും നമ്മുടെ കൗമാരങ്ങൾ മാറണം. ഒരു നദി പോലെ, തടസ്സങ്ങളാകുന്ന പർവതങ്ങളെ മറികടന്നു ഒഴുകികൊണ്ടിരിക്കേണ്ടതാവണം ജീവിതം. ശുദ്ധമായ പാലിൽ വീഴുന്ന ഒരു തരി മാലിന്യം പോലും അതിനെ അശുദ്ധമാക്കുന്നു. അതാണ് ഇന്നത്തെ പൊലിയുന്ന കൗമാരം.



കിരൺ കെ
10 ബി

# प्रकृति

प्रकृति हर जगह है ।
आप जहाँ भी जाएँ, प्रकृति वहीं है ।
वह सब कुछ जो जीवित है,
और बढ़ता है, वह प्रकृति है ।
जानवर हो या पौधे,
सब इस प्रकृति का है ।
प्रकृति सुंदर, रोचक और रोमांचक
हर कोने से
इसलिए इसे समझे और प्यार करें
तो प्रकृति है तो संसार है ।

अभिषेक सुरेष X A





# Dream.....

I have a dream,of place -
Where there are no evils and devils.
And,I have a dream, of a place -
Where there is Belief and Trust.

I love to dream,of a place -
Where there is;no cry and misery.
And, I love to dream,of a place -
Where there is Smiles all around.

I dream a lot,of a place -
Where there are no chains and pains.
And I dream a lot,of a place -
Where there is; Freedom and Pleasure all around.

I always dream ,of a place -
Where there are no cages and locks.
And,I always dream ,of a place -
Where birds flying and hopping all around.


Everyone needs to dream,of a place
Where no Wars and Scars exist
To live a life;like a dream;
Where Peace and Pleasure all around.



**Parvana T.H 10 A**

# രുചി

ലോകത്തിൽ രുചികൾ പലതാണ്
രുചികൾ ഉള്ള ഗ്രഹം ഭൂമി
മാവിലെ മാങ്ങയ്ക്ക് മധുര രുചി
പച്ചപ്പുളി ഹമ്പോ ! പുളിരുചി
അമ്മ വാരിത്തരും മോരിന് വാത്സല്യ രുചി
കടയിലെ മിഠായിക്ക് മായരുചി
നാട്ടിൻ രുചികൾ പലതുണ്ടെങ്കിലും
രുചിയുടെ മുഖം മൂടി ധരിച്ച പലതും വരും
ആ രുചികവാടത്തിനപ്പുറത്
ചതിക്കുഴികളാണെന്നോർക്കുക നാം
ആ രുചിക്കു വേണ്ടി നാം
നശിപ്പിക്കുന്നത് ജീവിതമെന്ന വലിയ
രുചിയാണെന്നോർക്കുക നാം.



പൃഥ്വിക് പി പി   8 B



# അമൃതം

കുട്ടിയും കിഴിച്ചും നാ
മിരുന്ന സ്നേഹത്തിന്റെ
പൂമുഖത്തിരുൾവന്ന
ചൂഴുന്നതറിയാതെ.

അത്രമേലകംകൊണ്ട്
പുണരുമ്പോഴും
നമ്മളെത്രയോ കലഹിച്ച
എന്തിനെന്നറിയാതെ.

അഴിയുംതോറും നൂറായ്
ക്കുടുങ്ങി വിചിത്രമായ്
അകമേ സ്നേഹത്തിന്റെ
സ്വർണ്ണനൂൽ വീണ്ടും വീണ്ടും.

കയ്യൊന്നുനീട്ടിതൊട്ടാൽ
നീയറിഞ്ഞേനെ നീറും
ചിന്തകൾ തപിക്കുമെൻ
ഹൃദയത്തുടിപ്പുകൾ.

ആർദ്രമാമൊരു നോട്ടം
പോലുമെൻ മരുഭൂവിൽ
ആയിരംവട്ടം നിള
ഒഴുകിപ്പരന്നേനെ.

ഇല്ല നാമേതോ ശാപ
ചിന്തയാൽ പരസ്പരം
കണ്ടതില്ലൊരിക്കലും
വെയിലാറുവോളവും.



ഷീബ വി കെ
HST മലയാളം

നിന്റെ പുസ്തകത്താളിൽ
കുറിച്ച കണക്കിലെൻ
സുന്ദര കാവ്യക്കണ -
ക്കൊക്കെയും പിഴച്ചുപോയ്.

തിരുത്താനിടമില്ലാ
തടയും താളിൽ ഞാനി
ന്നവസാനമായൊന്ന്
കുറിച്ചു മടങ്ങട്ടെ

യാത്രയാവട്ടെ സഖീ
മാപ്പെനിക്കേകീടുക
തോറ്റ ജന്മത്തിൻ ഭാരം
പേറി ഞാൻ തിരിക്കട്ടെ.

ഇരുൾ വീഴുമ്പോൾ, നിലാ -
വസ്തമിക്കുമ്പോൾ ചെറു
വെളിച്ചം വിതറുമോ
താരകൾ കിനാവുപോൽ.

വെറുതെയാണെന്നാലു
മോർമ്മകൾ ചേക്കേറുമീ
മരവും നിന്നോർമയിൽ
പൂതലിക്കും നാൾവരെ,

ഹൃദയം ഹൃദയത്തിൽ
കൊരുത്തു ചൊല്ലുന്നു ഞാൻ
പ്രിയതേ,പറയുവാനാവാത്ത
പ്രണയംഞാൻ.



# ലളിതജീവിതം സുന്ദരജീവിതം

ഈ ലോകത്ത് നമുക്ക് ജീവിക്കാൻ വേണ്ടതെല്ലാമുണ്ട്. പക്ഷെ ഒരാളുടെ പോലും അത്യാഗ്രഹത്തിനു വേണ്ടതില്ല. ഗാന്ധിജിയുടെ ഈ വാക്കുകൾ ആഡംബരത്തിനു പിന്നാലെ പായുന്ന ഓരോ മനുഷ്യ ഹൃദയങ്ങളിലും ഉണ്ടായിരിക്കണം. ഇക്കാലത്തു മനുഷ്യൻ ആഡംബരം കണക്കുന്നത് തൊട്ടടുത്ത വീട്ടിലുള്ളതിനേക്കാളും കൂടുതൽ എന്തോ ഉണ്ടെന്നു കാണിക്കാൻ മാത്രമാണ്. അതിൽ മുഖ്യമായും കണ്ടു വരുന്നത് അഞ്ചുണ്ണമാണ്. വിദ്യാഭ്യാസം ,ചികിത്സ, വാഹനം, വീടുനിര്മാണം ,വിവാഹം എന്നിവയാണ്.

പണക്കാർ തങ്ങളുടെ മക്കളെ സ്വർണത്താൽ പുതയ്ക്കുന്നത് അവരുടെ പ്രൗഢി കാണിക്കാനാണ്. പക്ഷെ അത് അനുകരിക്കുന്ന സാധാരണക്കാരൻ ലോൺ എടുത്തും കടം വാങ്ങിയുമാണ് കല്യാണ മണ്ഡപങ്ങൾ ഒരുക്കുന്നത്. ഇങ്ങനെയായാൽ സാധാരണക്കാരൻ പാപ്പരാകും. ഇക്കാലത്ത് രണ്ടോ മൂന്നോ മക്കളുള്ള വീട്ടിൽ ആറോ ഏഴോ കിടപ്പുമുറികളും കൂടാതെ അത്യാധുനിക സൗകര്യങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നു.

ഇക്കാലത്ത് മനുഷ്യൻ ആഡംബരത്തിനു പിന്നാലെ വിശ്രമമില്ലാതെ പരക്കം പായുകയാണ്. വാഹനങ്ങൾക്ക് മുകളിൽ വാഹനങ്ങൾ എന്നതുപോലെയാണ് ഇക്കാലത്തുമിക്ക വീട്ടുമുറ്റങ്ങളും. സമാധാനത്തിന്റെയും സത്യസന്ധതയുടെയും പാതയിലൂടെ ജീവിച്ചിരുന്ന ഗാന്ധിജിയുടെയും ശ്രീനാരായണ ഗുരുവിനേയും പോലെ നമുക്ക് ഓരോരുത്തരും ജീവിച്ചാൽ നമുക്കും വരും തലമുറകൾക്കും നല്ലതു മാത്രമാന് ഉണ്ടാകുക. ഉപന്യാസത്തിന്റെ തലക്കെട്ട് പോലെ എല്ലാവരുടെയും ജീവിതം മാറട്ടെ എന്ന് ആശംസിക്കുന്നു.

**നന്ദകിഷോർ കെ പി 9 ബി**



# EDUCATION AND SPORTS

If a man wants to develop his personality he has to keep an active mind. Circulation of blood is essential for healthy body and mind. Long lives a healthy man. If you want to be successful in life, you must make sports and games an essential part of your life.

Interest in sports and games is a natural sense found in all creatures. we can see the birds, animals and insects are always hopping and flying, running and leaping. In the same manner man is also sportive and active by nature. The best way to keep the body healthy is to engage in sports and games.

When a player plays a game he forgets himself and devotes himself to the game. But he cannot do this while doing an excercise. Nowadays players earn money as well as fame. Sports is very important because it develops physical and mental strength.


The aim of education should be the total development of personality. Only bookish knowledge is not sufficient. "All work and no play makes jack a dull boy,"is a common saying. It means that work and play should be fairly balanced so as to keep one mentally and physically fit. The book- worms who do not participate in games ruin their health. Unfortunately in our country parents do not consider games an important part of the life of their children. They often oppose games and prefer bookish



knowledge alone. They not realize that education and sports are complimentary to each other. There should be a proper balance between education and sports. One should keep as one's motto - "play while you play ,study while you study." Sports and games should be compulsory in every school and college.

There are two kinds of games , Indoor and outdoor.Chess, carrom,judo,Table tennis etc. are indoor games. Football, hockey, cricket etc. are outdoor games. Nowadays not only younger generation but grown up also participate in sports. Every schools must strive to develop among children the interest to engage in games.



**ISHA THANVI T**
**9B**

# ഇരുൾ

പൊയ് മുഖമായി വിടരുന്നു ഞാൻ
ഞെട്ടറ്റു വീഴും വരെ ചിരിച്ചിടുന്നു
ചിന്തതൻ ഭാരമേറുന്നു
അന്ധമായിടുന്നു ലോകം
കിനാവിലെങ്ങോ ഇരുൾ നിറയുന്നു
വർണ്ണശൂന്യമായിടുന്നു കിനാക്കൾ
മാറുന്ന നിറങ്ങൾ മാറാത്ത ലോകം
നിശതൻ ഇരുട്ടിലും പകൽതൻ
വെളിച്ചത്തിലും ഒരൊറ്റ ലോകം

# സമയം

കഴിഞ്ഞു പോയ നിന്നെ
ഞാൻ പ്രണയിക്കുന്നു
ചെറുനൊമ്പരങ്ങൾ നൽകിയെങ്കിലും
ഇനിവരും നിന്നെ ഞാൻ ഭയക്കുന്നു
പ്രതീക്ഷ കൈവിടാതെ നിൽക്കുന്ന
നിന്നെ ഞാൻ അവിശ്വസിക്കുന്നു
എന്നാലും ആസ്വദിക്കാൻ ശ്രമിക്കുന്നു



**വേദജിത്ത് 9B**

# Days in ICU
# (Memories of a Boy)

It was a great morning.Mr and Mrs Meadows were experiencing a soothing feeling which they have never experienced in their 13 years of married life. Their son John Meadows came back to life from a dreadful coma or can say he literally got up from a deathbed. Meanwhile John the 10th year old boy was not feeling anything but blankness.He was travelling back through his memories in ICU.

Flashback

A tall luxurious hospital building Abolo Hospital. Inside there run two adults behind a stretcher.Indeed it was a serious case. A boy met with an accident. Blood dripping to the floor from the stretcher is making Mrs.Meadows head spin.She sat down in front of the ICU in a desperate way. She was losing hope ,the doctors were running here and there ,making the both of them more worried . A doctor came out of the ICU and called Mr. Meadows to his cabin making Mr. Meadows worried.

" Don't get panic,your son is going to be in coma for a week.Make your wife undrstand." The doctor said fidgetting with his fingers. "Okay,I am grateful you saved his life.I will make her calm." Mr.Meadows said with a beam of happiness and sadness mixed in his tone.

.............................................

John's POV:

"Where am I? Am I dead? why is the world only white? Oh my God!the boy is in coma.." I heard it in a faded voice, It is like coming from a well.Am I in a coma? Oh may be I am! There is a light!I am going that way.Is that how someone feel when they are in coma?It feels great!.I dont want to go to school but can wander like this ! yahoo! What! There is a beautiful world. It must be my mind creating all these things.

...........................................

1 week later:

I feel like the beautiful world infront of me is blanking out. I don't want to getout of this place !

End of John's POV:

The parents were too happy that the morning from the hospital building felt like the best one in their whole life. They found peace even in the nausea-making shuttered chemical smell of hospital.The doctor approached them with a big grin on his face. "congrats! your son is back." Both of them smiled at the doctor with pleasure glistening in their eyes . "But you need to stay one more week in this hospital , so that we could give him a close look." The doctor said."of course".

.............................................

John's POV:

"John open your eyes! its your Mom!" what is the noise? Mom ?I cant see her,it is so dark! May be she mentioned to open my eyes right. I slowly try to open my eyes.The vision of my mom sitting in front of me is in a blurry vision. I blinked my eyes a few times fast and soon I could see her face very well .I was so happy that tears started rolling down my cheeks.I

hugged her like I would have crushed her whole muscles. " I would get you some food." she said and left. Now I am alone in this living room sized ICU.The blank wall,smell of medicines..... the curtains all are giving the vibe! On the side of the bed,a machine is recording my heart beat rate .The window is straight in front of me that I can see the sun raising his head like the king of the world .I want to say every single thing I saw when I went to coma stage.It was too magestic that I wonder what if she doesn't believe it?

End of Johns POV:

..........................................

Mother came back with a tray . The chicken porridge, Johns' healing food,was catching his attention from the bed. Mother took a spoon full of porridge and blew down into the spoon to cool down the porridge a little bit. John got every single spoon without wasting a single drop of it . "Mom I want to say something." "Say everything without wasting a single word , I missed your soothing voice." "but promise me you will believe every thing I say." John said while stretching his pinky finger .His mom chuckled at the childishness and promised him. "Mom I was in a whole different world while I was in coma." Straight that he told everything to his mom . His mom was flabbergasted by everything her son told her.

A boy told his mom about the world he saw while he was in coma,,the story is spreading like a fire all over the world. The news reporters spoke with all of the excitement he could possibly get in to his voice. The story of John is now a viral news and the reporter is here to dig information about it. "I am John I was in wonderland full of beautiful flowers .The environment smelled very nice . The world can be designed by my mind If I want wings then I could get wings,that world is beyond our real world. "Thank you for your words, John " the reporter drove away from there.

Everyone makes fun of John saying he just wanted attention that is why he created such a story. He didin't want to fight with them. He kept silent ,keeping in his mind that he knew what he had seen. One day a shocking news struck everyone like truck. It is said that most of coma patients globally experienced another world when they were in coma." Everyone who knew john was shocked .Is everything he told is true...every one started murmering. John was not aware of anything and was in his deep slumber dreaming his memories as a boy in ICU with a smile in his face.



Fathimathu Swaliha
10A

# ചിത്രശലഭമേ എന്റെ തോഴി



ചിത്രശലഭമേ എന്റെ തോഴി
ഏഴുനിറമുള്ള നിൻചിറകു കണ്ടാൽ
ആരും കൊതിച്ചീടുമിതൊന്നു കിട്ടാൻ
ചിത്രശലഭമേ പ്രിയതോഴി
പൂവിൻ മുകളിൽ നീ വന്നിരുന്നാൽ
ഐശ്വര്യമുള്ളൊരു റാണി തന്നെ
ചിത്രശലഭമേ പൊന്നുതോഴി
മേഘത്തിലുടെ നീ പാറിടുമ്പോൾ
മാലാഖയായി എനിക്കു തോന്നി
ചിത്രശലഭമേ നല്ല തോഴി
ലോകത്തിലേറ്റവും ഭാഗ്യമുള്ളവൾ
നീ തന്നെ നീ തന്നെ എന്റെ തോഴി

# നിലാവിനെ സ്നേഹിച്ച നിശാ പുഷ്പം



പകലിന്റെ സൂര്യപ്രകാശത്തിൽ താപത്താൽ
പുഷ്പമേ നീ വാടി നിന്നു
പീലി വിടർത്തിയ നിലാവിന്റെ കിരണത്താൽ
പുഷ്പമേ നീ വെണ്മ തുളുമ്പി നിന്നു
എല്ലാരും ഇരുട്ടിനെ വെറുത്തു
എങ്കിലും ഇരുട്ടിനു നീ വെൺമയേകി
എല്ലായിടത്തും ചൊരിയും നിലാവിൽ
എല്ലായിടത്തും കത്തുന്ന ദീപം പോലെ തിളങ്ങി നീ...
കണ്ടു ജനം വിഷ പുഷ്പത്തിൻ സൗന്ദര്യം
കണ്ടില്ല നിൻ സൗന്ദര്യം അവർ തന്നെ
കളങ്കമില്ലാത്ത നിൻ പാൽനിറം കണ്ടു
യക്ഷിയുടെ തോഴിയാക്കി അവർ.
നിന്നെ തിന്മയാക്കി കണ്ടു അവർ
നിലാവിനെ സ്നേഹിച്ചതോ?
നീല ഇരുട്ടിനു പകർന്നതോ?
നീ ചെയ്ത തെറ്റ് എന്ത്?

പൃഥ്വിക് പി പി

# प्रेमचंद : कलम का सिपाही

जन्म से लेकर मृत्यु तक जीवन के कष्टमय अनुभवों ने कलम के सिपाही प्रेमचंद को इतना महान बनाया। त्याग से उनका जीवन बीता और लेखन कार्य से बड़ी मुश्किल से परिवार का पालन पोषण किया ।

प्रेमचंद ने आठवें दशक के पहले जो कुछ लिखा वह आज भी लोकप्रिय है। उन्होंने समाज के यथार्थ को छुआ।इसे अपने साहित्य में कुशलता से वर्णन किया। कथा, कहानी, और उपन्यास में यथार्थवाद को सरलता से प्रस्तुत किया।

अमर रचनाकार प्रेमचंद के पोते ने कहा कि ' यह हिंदी की दुविधा' है कि अंग्रेज़ी में सरल और सरस बाल साहित्य प्रचुर है। लेकिन हिंदी समाज में दरिद्रता है। हिंदी समाज में बच्चों के पास लेन देन की सस्ती- सी चीज़ टेलिविज़न है। जिस अच्छे साहित्य से बच्चों की कल्पनाओं को सींचा जाना था वह विद्रूपता की शिकार हो रही है।

पार्वणा डी. एच X A




अनश्वरा मुरली 10A



कृष्णेन्दु 10 A

# കറുത്ത കുതിരയുടെ പടയോട്ടം

പ്രഭാതത്തിലെ ഹിമകണികകളിൽ സൂര്യ പ്രകാശംതട്ടി തിളങ്ങുന്നതായിരുന്നു അവൾ രാവിലെ തന്നെ കണ്ടിരുന്നത്,. പുറത്തുപക്ഷികളുടെ ശബ്ദവും നടിയുടെയും വെള്ളച്ചാട്ടത്തിന്റെയും കള കള ശബ്ദവുമായിരുന്നു അവൾ ആദ്യം തന്നെ കേട്ടിരുന്നത്. മീനു.......... 'അമ്മ അവളെ വിളിച്ചെഴുന്നേല്പിച്ചു. മീന വേഗം അമ്മയെ കെട്ടിപിടിച്ചു. അവൾ പുഴയോരത് പോയി കുളിച്ചു. അവിടെ അവളുടെ കൂട്ടുകാരികളും ഉണ്ടായിരുന്നു. അവർ വലിയ ചർച്ചയിലായിരുന്നു. കുളി കഴിഞ്ഞ അവൾ മാവിൻ ചോട്ടിൽ കളിക്കാൻ എത്തി. അവിടെ പുതിയ ഒരു പാട് പേര് കളിയ്ക്കാൻ വന്നിട്ടുണ്ടായിരുന്നു. അവരിൽ നിന്ന് ഒരാളിങ്ങനെ മൊഴിഞ്ഞു. "ഈ കറുത്ത മണവാട്ടി ആരാണ് ?ഇത് കേട്ട് എല്ലാവരും അവളെ കളിയാക്കി. അവൾ സങ്കടത്താൽ മുഖംതാഴ്ത്തി വീട്ടിലേക്ക് നടന്നു. അവിടെ ഒരു ഉണങ്ങിയ മരത്തിലെ കരിയിലകൾ കാറ്റിൽ പറുന്നത് അവൾ ശ്രദ്ധിച്ചു. അവളുടെ ഇപ്പോഴത്തെ അവസ്ഥ പോലെ. അവളുടെ കരച്ചിൽ കേട്ട അമ്മ ഓടിവന്നു ഇങ്ങനെ പറഞ്ഞു " എന്റെ മന്ദാര പൂവിനു എന്തുപറ്റി? കാര്യങ്ങളെല്ലാം അമ്മയ്ക്ക് പറഞ്ഞുകൊടുത്തപ്പോൾ അമ്മ അവളെ ആശ്വസിപ്പിച്ചു. പിറ്റേ ദിവസവും അവൾ കളിയ്ക്കാൻ മാവിൻ ചുവട്ടിൽ പോയി. കൂട്ടുകാരികൾ അവളെ കളിയാക്കാൻ തുടങ്ങുന്നതിനു മുൻപ് തന്നെ അവൾ ഒരു സിംഹത്തെ പോലെ പറഞ്ഞു. "നമ്മുടെ നാടിന്റെ അടിസ്ഥാന വർഗമായ ദ്രാവിഡിയൻസ് കറുപ്പാണ്. ലോകത്തിനു വേണ്ടി വെയിലത്ത് കഷ്ടപ്പെടുന്ന ഓരോ മനുഷ്യന്റെയും നിറം കറുപ്പാണ്. വെള്ള സമാധാനത്തിന്റെ പ്രതീകമാണെങ്കിൽ കറുപ്പ് കഠിനാധ്വാനത്തിന്റെ പ്രതീകമാണ്. ഇച്ചാ ശക്തികൊണ്ടും കായിക ശക്തി കൊണ്ടും നമ്മുടെ ലോകത്തെ കീഴടക്കിയ അനവധി കറുത്ത മനുഷ്യരുണ്ട്. മാർട്ടിൻ ലൂഥർ കിംഗ്, ഉസൈൻ ബോൾട്ട് , മൈക്കിൾ ജാക്സൺ, നെൽസൺ മണ്ടേല ഇവരെല്ലാവരും ആരാണ് ? ലോകം അടിച്ചമർത്തി തീയിൽ ചുട്ട ചാരത്തിൽ നിന്നും ചിറകടിച്ചുയർന്ന അനേകം കറുത്ത പക്ഷികൾ. ഇതൊന്നും ആരും മറന്നുപോകരുത്". ഇതെല്ലം കേട്ട കൂട്ടുകാർക്ക് തെറ്റ് മനസ്സിലായി. അവർ മീനുവിനെയും കളിയ്ക്കാൻ കൂട്ടി.

നന്ദകിഷോർ കെ പി
9B

# രാത്രിനിലാവ്

ആകാശത്ത് പൂർണചന്ദ്രനും വാരിവിതറിയ നക്ഷത്രങ്ങളും വലിയ വലിയ മരങ്ങളും ജലാശയങ്ങളും വിചിത്രമായ ജീവിവർഗങ്ങളും ഇടതൂർന്ന ചെടികൾക്കും ഇടയിൽ ഒരു തരി വെളിച്ചം .അടുത്തായി കാണപ്പെടുന്ന ബഹിരാകാശവാഹനം പറയുന്ന ചില കഥകൾ ബഹിരാകാശപേടകം വിട്ടുകൊണ്ട് ഒരാൾ ഒരു പൊതിയുമായി ഇറങ്ങിവന്നു ആ ഭൂമിയിൽ വന്നിരിക്കുന്നു അയാൾ പൊതി തുറന്ന് ആ ഭക്ഷണത്തെ മണക്കുന്നു. പിന്നീട് ആ രുചികരമായ ഫലങ്ങൾ വായിലേക്ക് വയ്ക്കുന്നു. അയാൾ കണ്ണുനീരോടെ കണ്ണിമകൾ അടയ്ക്കുന്നു.

2026/12/7

വലിയ ഒരു നെൽപ്പാടം . ചുറ്റും മറ്റു ഗൃഹങ്ങൾ ഒന്നും ഇല്ല . ഒരേയൊരു വീട് . അതിന്റെ വരാന്തയിലിരുന്നു പത്രം വായിക്കുന്ന വൃദ്ധനായ വ്യക്തി "ജോൺ" . അയാൾ തന്റെ ഏക മകനും പേരമക്കളുമായി കഴിയുകയാണ്. പേരക്കുട്ടികൾ തീന്മേശയ്ക്ക് ഇരുവശത്തുമിരുന്നു ഭക്ഷണം കഴിക്കുകയാണ്. വെറും മോര് മാത്രം. ചുമരിൽ നിന്നും ടെലിവിഷൻ ഓണാക്കി വച്ച ന്യൂസ്, "ലോകത്തെമ്പാടും ഭക്ഷ്യ ദൗർലഭ്യം, കാർഷികമേഖല കുത്തനെ ഇടിയുന്നു, വിളകൾക്ക് പടർന്ന വൈറസ് കാരണമാണിത് . ഈ രോഗം നെല്ലുകളിലേക്കും പടരുന്നതായി റിപോർട്ടുകൾ:- മാർത്ത ടെലിവിഷൻ ചാനൽ മാറ്റി സിനിമ വെക്കുന്നു .
അടുത്തിരുന്ന വില്യം ദേഷ്യത്തോടെ " എന്താ മാർത്ത ഈ കാണിച്ചത് ? ഞാൻ ന്യൂസ് കാണുകയല്ലേ ?
മാർത്ത : സങ്കടമുള്ള കാര്യങ്ങൾ ഇങ്ങനെ വീണ്ടും വീണ്ടും കേൾക്കുന്നതെന്തിന്? എന്തായാലും നാം മരിക്കാൻ പോവുകയല്ലേ?
വില്യം മറുപടി പറയാതെ ഇരിക്കുന്നു. അതെ സമയം ഗാരേജിൽ തന്റെ പണിയിൽ മുഴുകിയിരുന്ന കൂപ്പറും (ജോണിന്റെ മകൻ ) ഈ വാർത്ത ശ്രദ്ധിക്കുന്നു . അവനാകെ അസ്വസ്ഥനായി. അവൻ വീട്ടിലേക്ക് കയറി കാറിന്റെ താക്കോലുമെടുത്തു പുറത്തേക്കിറങ്ങി .
മാർത്ത അച്ഛാ ഞാനും വരുന്നു എന്നു പറഞ്ഞവൾ കൂടെ കൂടി. കൂപ്പറും മാർത്ഥയും തമ്മിൽ വലിയ ആത്മബന്ധമായിരുന്നു. അവർ ഒരേ ചിന്താഗതിക്കാരും. കാറിൽ നീങ്ങി കൊണ്ടിരിക്കവേ അവരുടെ നെൽപ്പാടവും രോഗം ബാധിക്കുന്നതായി അവർ ശ്രദ്ധിക്കുന്നു. അവർ തമ്മിൽ നോക്കി ദുഃഖം പങ്കിടുന്നു .
മാർത്ത : അച്ഛാ താങ്കൾ കുറെ ദിവസമായി എന്തോ തയ്യാറാക്കാനായി ശ്രമിക്കുന്നത് കാണുന്നു, എന്താണത് ?
കൂപ്പർ : അത്..... അത് ഞാനീ മഹാരോഗം നശിപ്പിക്കാനുള്ള ഉപകരണം നിർമിക്കാൻ ശ്രമിക്കുകയാണ്. (അയാൾ പരുങ്ങി) .
മാർത്ത : അതിനച്ചൻ ഏറോനോട്ടിക്കൽ അല്ലേ ? പിന്നെങ്ങനെയാണ്?
കൂപ്പർ അവളെ അഭിമുഖീകരിക്കാൻ ബുദ്ധിമുട്ടുന്നു . പെട്ടെന്ന് ഒരു വസ്തു തീജ്വാലയായ് വന്നവിടെ പതിക്കുന്നു . അവർ അത് ശ്രദ്ധിക്കുന്നു . കൂപ്പർ ആ വസ്തു കയ്യിൽ എടുക്കാൻ ശ്രമിക്കുന്നു . അയാൾ കൈ പിൻവലിക്കുന്നു . അയാൾ അത് താൻ കാറിൽ കരുതിയ പ്രത്യേക ബാഗിൽ ആക്കി വീട്ടിലേക്ക് നെൽപാടത്തിലൂടെ കാർ ഓടിച്ചു പോവുന്നു . അയാൾ ഡോർ അടയ്ക്കാനുള്ള താമസം പോലുമില്ലാതെ ഗാരേജിലേക്ക് കുതിക്കുന്നു. മാർത്ത ഡോർ അടച്ചു കൊണ്ട് അയാൾക്ക് പിന്നാലെ പോവുന്നു . അയാൾ ആ ഗോളം ഒരു കോഡ് ആണ് എന്ന് മനസ്സിലാക്കുന്നു. കുറെ സമയത്തെ ശ്രമത്തിനു ശേഷം പുലർച്ചെ എന്തൊക്കെയോ പേപ്പറിൽ കുറിച്ചു ശേഷം ആ പേപ്പറുമായി നാഷണൽ ഡിഫെൻസ് ഓഫീസിലേക്ക് പോവുന്നു . എന്നാൽ ഇതറിയാതെ അവിടെ എത്തിയ മാർത്ത അയാളെ വിളിച്ചെങ്കിലും അയാൾ ഗാരേജിൽ ഇല്ലായിരുന്നു. അവൾ വിശപ്പാൽ വയർ മുറുകെ പിടിച്ചു . അവൾ ആ കോഡിന്മേൽ കൈവച്ചു. .

നാഷണൽ ഡിഫൻസ് ഓഫീസ്
2026/12/8

കൂപ്പർ അവിടെ താൻ വർക്ക് ചെയ്തപ്പോഴുള്ള ഹെഡിനെ കാണാൻ ശ്രമിച്ചെങ്കിലും അയാൾക്ക് നിരാശനായി തിരിച്ചു പോകേണ്ടി വന്നു. അയാൾ തിരിഞ്ഞു നടക്കുന്നത് മുകളിലത്തെ നിലയിൽ നിന്ന് കോഫി കുടിക്കുകയായിരുന്ന ഹെർഷൽ കാണുന്നു.
"കൂപ്പർ? അയാൾ എന്ത് ചെയ്യുന്നു?" ഹെർഷൽ സെക്യൂരിറ്റിയോട് കൂപ്പറിനോട് വരാൻ പറയാൻ ആവശ്യപ്പെടുന്നു. നിരാശനായ കൂപ്പറിനെ തോളിൽ തട്ടി നിൽക്കാൻ പറയുന്നു. ശേഷം മീറ്റിംഗ് ഹാൾ,
ഹെർഷൽ : Mr.കൂപ്പർ കണ്ടതിൽ വളരെ സന്തോഷം. എന്തെങ്കിലും അത്യാവശ്യത്തിനായി വന്നതാണോ?
കൂപ്പർ : അതെ sir എനിക്ക് ഒരു കാര്യം അവതരിപ്പിക്കണം.and it's very important. അവൻ ആ കൊച്ചു പേടകം ഉയർത്തി കാട്ടുന്നു. ഹെർഷൽ ഞെട്ടിക്കൊണ്ട് : ഓ സർ കൂപ്പർ ഇത് താങ്കൾക്കെവിടെനിന്നും ലഭിച്ചു. അതെന്തുമാകട്ടെ ഇതിനായി ഞാൻ താങ്കളെ കാണാനിരിക്കുകയായിരുന്നു. ഈ പേടകം അത് മനുഷ്യ രാശിയെ ബന്ധിച്ചതാണ്. താങ്കൾക്ക് അറിയാമല്ലോ നമ്മുടെ ഗ്രഹം വളരെ കുറച്ചു കാലം മാത്രമേ നിലനിൽക്കാൻ പോകുന്നുള്ളൂ. ഈ 1000 കോടി പേരും വിശന്ന് മരിക്കാൻ പോവുകയാണ്. അത്

ഞങ്ങൾ 5 വർഷം മുൻപ് തന്നെ മനസ്സിലാക്കിയ കാര്യമാണ്.

കൂപ്പർ അന്താളിച്ചുകൊണ്ട് : എന്നിട്ട് നിങ്ങൾ ഇതിനായി ഒന്നും തന്നെ ചെയ്തില്ലേ? നമുക്ക് മറ്റൊരുമാർഗവും ഇല്ലേ?

ഹെർഷൽ : പിന്നെ ചെയ്യാതെ. നമ്മുടെ സംഘടനയുടെ പഠനത്തിൽ നിന്നും ഭൂമി മാത്രമല്ല മറ്റു ചില ഗ്രഹങ്ങളിലും നമുക്ക് താമസിക്കാമെന്ന് തെളിഞ്ഞു. അത്തരം നമുക്ക് എത്തിച്ചേരാൻ കഴിയുന്ന 5 ഗ്രഹങ്ങളിൽ ഒന്നിൽ നിന്നാണ് ഈ പേടകം വന്നത്. അതിനർത്ഥം അവിടെ വാസയോഗ്യമാണെന്നല്ലേ?

കൂപ്പർ : താങ്കൾ എന്താണ് പറഞ്ഞു വരുന്നത് ? നാം അവിടേക്കു പോവുകയാണോ ?

ഹെർഷൽ : ധൃതി കാട്ടാതെ സർ കൂപ്പർ ആദ്യം ഒരു സംഘം അവിടെ പോയി പഠനം നടത്തണം. അതിനായാണ് തങ്ങളെ ഞാൻ വിളിപ്പിച്ചത്. അതിനെല്ലാം മുന്നേ നാം ആ കോഡ് തിരിച്ചറിയണം.

കൂപ്പർ : എനിക്ക് ആലോചിക്കണം ഹെർഷൽ

ഹെർഷൽ : yes take your time. പക്ഷെ പരമാവധി വേഗത്തിൽ വേണം. അയാൾ അവിടം വിടുന്നു. മാർത്തയുടെ കോൾ അയാൾക്ക് വന്നു. മാർത്ത : അച്ഛാ എനിക്ക് വിശക്കുന്നു.എനിക്ക് ഊണ് വേണം. കൂപ്പർ ഒന്നും പറയാതെ തന്നെ കോൾ കട്ട് ചെയ്തു. അയാൾ മനസ്സിലാക്കി താൻ പോയി തിരിച്ചു പോയി വരുമ്പോഴെക്കും ഇവിടെയൊന്നും അവശേഷിക്കില്ല എന്ന്.

അയാൾ ഒരു വെള്ളച്ചാട്ടത്തിനടുത്ത് പോയി കരയുന്നു. അവിടെ കിടന്ന ഫലങ്ങൾ അയാൾ പറിച്ചെടുക്കുന്നു. കൂടാതെ അയാൾ തന്റെ കാറിനുമേൽ ഒരു ഊണും കരുതി. അതെസമയം, മാർത്ത വീണ്ടും വിളിക്കുന്നു. അച്ഛാ ഞാൻ മനസ്സിലാക്കി അത് ഒരു മരുന്നല്ല ഒരു ടൈംമെഷീൻ ആണ്.

കൂപ്പർ ഞെട്ടുന്നു. പിന്നെ ആ കോഡ് .....
കൂപ്പർ : ഹലോ ഹലോ
കൂപ്പർ ഫോൺ കട്ട് ചെയ്യുന്നു. പെട്ടെന്ന് എന്തോ മാറ്റം വന്നതായി കാണുന്നു. ചുറ്റ്പാടും മാറ്റം വന്നതായി കാണുന്നു. വെള്ളച്ചാട്ടം നിലച്ചിരിക്കുന്നു. ചുറ്റും നിന്ന പച്ചപ്പ്.
അയാൾ പെട്ടെന്ന് കാറെടുത്ത് വീട്ടിൽ പോയി . അവിടെ കണ്ടത് കത്തിയ നെല്പാടവും അയാളുടെ വീടും ആണ്.
അയാൾ അവിടെ ഇരുന്നു. കണ്ണടച്ചു തുറന്നപ്പോൾ അയാൾ തന്നെ ഞെട്ടി.

**കിരൺ കെ**

## മഴച്ചങ്ങാതി
## ഒരു അനുഭവക്കുറിപ്പ്

അന്ന് സ്ക്കൂൾ ഉള്ള ദിവസമായിരുന്നു. ജൂലൈ 30(2022). അന്നാദ്യമായി ആണ് സ്ക്കൂളിൽ നിന്ന് വീട്ടിലേക്ക് നടക്കുന്നത്. മഴ നേർത്ത് തണുത്ത കാറ്റുമൊത്ത് ഞങ്ങൾക്കൊപ്പമുണ്ട്. പണ്ട് തൊട്ടേ മഴ നനയൽ ഇഷ്ട വിനോദമാണ്. ഉറുപ്പിയയുടെ കൊലുമിഠായി സിഗരറ്റെന്ന ഭാവത്തിൽ വായിലിട്ടിട്ടുള്ള നടത്തം, അത് ഞങ്ങൾക്കൊരു പ്രത്യേക എക്സ്പീരിയൻസാണ്. അങ്ങനെ കൂട്ടുകാരോടൊത്ത് നടക്കാനുള്ള അതിയായ ആഗ്രഹം അടക്കാനാവാതെ അന്ന് വീട്ടിൽ പറയാതെ നടക്കാൻ തീരുമാനിച്ചു.  പ്രതീക്ഷിക്കാതെയാണ് ആ മഴ ഞങ്ങൾക്ക് കൂട്ടുവന്നത്. സൗഹാർദ ഭാവത്തിൽ വന്നെത്തിയ നേർത്ത ചാറ്റൽ മഴ. കുട ഞങ്ങൾക്കാവശ്യമില്ലെങ്കിലും ഒരു ഫോർമാലിറ്റിക്ക്, അച്ഛനോ ടീച്ചേർസോ കണ്ടാലുള്ള പുകിലോർത്ത് കുട സംഘടിപ്പിച്ചു. പരിചയമില്ലാത്ത പുതിയൊരു വഴി. പരിചയമില്ലാത്ത വഴികൾ പരിചിതമാവുന്നത് ഇത്തരം യാത്രകളിലൂടെയാണ്. വഴികാട്ടികളായി ചങ്ങാതിമാരുള്ളപ്പോൾ പിന്നെ പേടിക്കാനെന്ത്? മഴ നനഞ്ഞ്, അവരെ നനയിപ്പിച്ച് കുശലം പറഞ്ഞ് ഞങ്ങൾ നടന്നു. അർച്ചന, ആഷിൽ ,ആശ്രയ്, ദേവനന്ദ, ഭഗത്, സാൻവി, ശാരിക, വേദ, അന്ന് ഞങ്ങളെല്ലാവരുമുണ്ടായിരുന്നു. മഴയുടെ തണുത്ത കരങ്ങൾ പൊതിയുന്ന പോലെ . മഴ നനഞ്ഞ് വന്നതിന് അമ്മയുടെ വഴക്ക് കേട്ടെങ്കിലും പിന്നീട് സമ്മതത്തോടെ ഇടയ്ക്കിടെ ഞങ്ങൾ ഒന്നിച്ച് നടക്കും . വീണ്ടും വീണ്ടും ഓർക്കാൻ എന്റെ  ഓർമച്ചെപ്പിലേക്കുള്ള ഓരോ മുത്തുകളായി ഓരോ അനുഭവങ്ങളും സൂക്ഷിക്കാൻ, ഇനിയുമിനിയും നിമിഷങ്ങൾ ദൈവം സമ്മാനിക്കട്ടെ!

ഇഷ തൻവി  ടി


# പ്രകൃതി മനോഹരി




പുണ്യ കെ കെ
10 B

പ്രകൃതി എത്ര മനോഹരിയാണല്ലേ, കിളികളുടെ കളകളനാദവും ചിണങ്ങലും കാറ്റിന്റെ മന്ദഹാസവും പച്ചപ്പും വയലുകളുടെ ഭംഗിയും പറഞ്ഞറിയിക്കാനാവാത്ത ഒട്ടനവധി അനുഭൂതികൾ. വയലിനു നടുവിൽ ഒരു കുഞ്ഞുവീട്ടിൽ ഞങ്ങൾ കുടുംബത്തോടെ ജീവിക്കുന്നു. വീടിനു ചുറ്റും പൂക്കളുണ്ട്. പൂക്കളിലെ തേൻ നുകരാൻ പൂമ്പാറ്റകളും ഷഡ്പദങ്ങളും. വീടിന്റെ കുറച്ച് അപ്പുറത്ത് ഒരു മുത്തശ്ശനോ മുത്തശ്ശിയായതോ ആയ ഒരു മരത്തിൽ അത്യധികം ബലിഷ്ഠതയോടെ ഒരു ഭീമാകാരമായ തേനീച്ചക്കൂട് . അതിലെ തേൻ ഒന്ന് നുകർന്ന് നോക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ ആ ആഗ്രഹം തേനീച്ചയോട് പറഞ്ഞാൽ അത് അനുവദിക്കുമോ . അതിന്റെ അത്യധികം കഠിനമായ പ്രവൃത്തിയിലൂടെ സംഭരിച്ച തേൻ അവ തരുമോ. അല്ലെങ്കിൽ കല്ല് എടുത്ത് എറിഞ്ഞാലോ. ശരീരമാസകലം പൂക്കളമിട്ടുതരും. അതുകൊണ്ട് അത് അതിന്റെ ജോലി തുടരട്ടെ. നേരം പരാപരാ വെളുക്കുമ്പോൾ വയലിലേതോ നല്ല പാട്ട് കേൾക്കാൻ കഴിയുന്നു. പാടത്ത് പണിയെടുക്കുന്നവർ പാട്ട് പാടുന്നു. അതിനു താളം പിടിക്കുന്ന മട്ടിൽ കുയിലും പാടുന്നു. ആഹാ നല്ല കച്ചേരി തന്നെ. തത്തമ്മകളെ കാണാം. പ്രകൃതിയിലെ ശുചിത്വപാലകർ എത്തിയിരിക്കുന്നു. പ്രഭാതം പ്രമാദമായിരിക്കുന്നു. തോട്ടിൽ നീന്തൽ വിദഗ്ധരായ താമീൻ കൂട്ടങ്ങളെത്തിയിരിക്കുന്നു. മഴക്കാലമായതുകൊണ്ട് നല്ല ചെളിയുണ്ടായിരുന്നു. ആദ്യം ഞാൻ തെന്നിവീണു. അതിനാലാണെന്ന് തോന്നുന്നു മഴ മന്ദഹസിച്ചു. ഞാൻ വീണ്ടും വീണു. മഴ പൊട്ടിച്ചിരിക്കാൻ തുടങ്ങി. ഞാൻ വേഗം ഒരു വലിയ ചേമ്പില പറിച്ച് അതിൽ നനയാതെ നിന്നു. വീട്ടിലേക്കു മടങ്ങി. മഴയുടെ ഓരോ തുള്ളികളും മുറ്റത്ത് വീഴുമ്പോൾ മുത്തുകൾ പെയ്യുന്നതുപോലെ. തോണി ഉണ്ടാക്കി വെള്ളത്തിൽ ഒഴുക്കി. മഴയുടെ ആ പൊട്ടിച്ചിരി ഞാനും ആസ്വദിച്ചു. ഞാനും ഉല്ലാസത്തോടെ മഴ നനഞ്ഞു നൃത്തമാടി. മഴയുടെ സംഗീത സ്വരങ്ങൾക്ക് മാറ്റു നൽകാൻ ഇടിമൃദംഗമായ് , മിന്നൽ വെളിച്ചമായ് ആരോ വരച്ച അല്ലെങ്കിൽ പറഞ്ഞ ഒരു കഥപോലെ തോന്നുന്നു അല്ലേ. ഇതു സത്യത്തിൽ ഉണ്ടായിരുന്നോ, ഈ കാലം ലോകത്തു നിലനിന്നതാണോ, പ്രകൃതിയെ നേരിട്ട് അറിയേണ്ടതിനു പകരം യുവതലമുറ ഒരു കഥയെന്ന പോലെ ആരോ നെയ്തെടുത്ത പഴങ്കഥ പോലെ ആയിരിക്കും പ്രകൃതിയിലെ വർണ്ണനകൾ. അമ്മയുടെ ഒക്കെ ചെറുപ്പകാലം കേൾക്കുമ്പോൾ വളരെ ഉത്സാഹമാണ്. കാരണം അതു കേൾക്കാൻ മധുരവും ഇമ്പമുള്ളതുമായി തോന്നുന്നു. നല്ല പച്ചപ്പുള്ള മലകൾക്കു പകരം ഞാൻ കാണുന്നത് പ്ലാസ്റ്റിക്ക് മലകളാണ്. മരങ്ങൾക്ക് പകരം കെട്ടിടങ്ങൾ, പക്ഷികൾക്കു പകരം വിമാനങ്ങൾ, വയലുകൾക്ക് പകരം ഖനികൾ, പുസ്തകങ്ങൾക്ക് പകരം സ്മാർട്ട് ഫോണുകൾ, ഇനി എനിക്ക് പറയാം മനുഷ്യനു പകരം റോബോട്ടുകൾ . എല്ലാവരും പറയും നാടോടുമ്പോൾ നടുവേ ഓടണം എന്നാണ് . പക്ഷേ മനുഷ്യൻ അവന്റെ അനന്തമായ ചിന്തയിലൂടെ കടന്നുപോകുന്നവനാണ്. ഇനിയെന്ത് ?എല്ലാവരും നവലോകത്തോടിണങ്ങി ജീവിച്ചാൽ ചിലപ്പോൾ ഈ പ്രകൃതിയിലെ പുണ്യമായ വിശുദ്ധമായ എല്ലാം നഷ്ടപ്പെടും. ചെടികൾക്ക് പകരം റോബോർട്ട് ചെടികൾ വരാം. നാടിനൊപ്പം പോകാം. പക്ഷേ പ്രകൃതിയുടെ ഭാഗമാണ് നമ്മൾ. അതുകൊണ്ട് പ്രകൃതിയുടെ ഒരു കോണിൽ പ്രകൃതിയോടൊപ്പം നമുക്കും മറ്റു സഹജീവികളെപ്പോലെ ജീവിച്ചു കൂടെ അല്ലെങ്കിൽ പഴയ മുത്തശ്ശിക്കഥകളുടെ കൂട്ടത്തിൽ പണ്ട് മരങ്ങൾ എന്നൊന്നുണ്ടായിരുന്നു. മലകൾ എന്നൊന്നുണ്ടായിരുന്നു. പിന്നെ നദി എന്നൊന്നൊന്നുണ്ടായിരുന്നു. അതിലുപരി പ്രകൃതി എന്നൊന്നൊന്നുണ്ടായിരുന്നു എന്ന് ഇനി വരുന്നൊരു തലമുറയ്ക്ക് പറഞ്ഞുകൊടുക്കേണ്ടിവരും.


# വരകളിലൂടെ




തേജകൃഷ്ണ ജി




ഇഷ തൻവി ടി



പാർവണ ടി എച്ച്



പാർവണ ടി എച്ച്



ഇഷ തൻവി ടി



തേജകൃഷ്ണ ജി



ദേവപ്രിയ ടി കെ





ശ്രുതി കെ കെ





വൈഷ്ണവ്

# വായനയിലെ വര






സുന്ദരിയും ഭീകരസത്വവും


MALALA


ആടുജീവിതം


സീത
രാമായണം : വാല്മീകി




HEIDI AND PETER
Johanna Spyri

# സ്കൂൾതല പ്രവർത്തനങ്ങളിലൂടെ






## പ്രവേശനോത്സവം






പരിസ്ഥിതി ദിനാചരണം



ഗൃഹസന്ദർശനം












സ്പോർട്സ് ഡേ



കരാട്ടെ പരിശീലനം



പഠന യാത്ര

# കലോത്സവ പ്രതിഭകൾ



അദ്വൈത് എസ് രാജ്
ഗിറ്റാർ



ഹുദ ഫാത്തിമ
പദ്യംചൊല്ലൽ അറബിക്




ഇഷ തൻവി
ലളിത ഗാനം,ഗസൽ



കിരൺ കെ
ഉപന്യാസം



പൃഥ്വിക് പി പി
പ്രസംഗം മോണോ ആക്ട്



പാർവണ ടി എച്ച്
പദ്യംചൊല്ലൽ ഇംഗ്ലീഷ്



സംഘഗാനം,
ദേശഭക്തിഗാനം



മാർഗം കളി



സംഘനൃത്തം



ദഫ്മുട്ട്



ചെണ്ടമേളം

സംസ്ഥാന കായികമേള



അനാമിക
1500 മീറ്റർ Running




9495588910

https://www.facebook.com/ghsschorode/

https://youtube.com/@ghsschorode1923

**LITTLE KITES**
**GHSS CHORODE**
**LK/2018/16007**